12/01/22

DESPATCHED
On..02/02/022.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 337*(7)/2015*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2197** /*എസ്.ഐ.സി–ജി 6 /2015)*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി.ബി.സതീഷ്,
പാറമേൽ ഹൗസ്,
മുല്ലക്കര, കുറിഞ്ചിടം,
പി.ഒ. മണ്ണുത്തി, തൃശ്ശൂർ,
പിൻ – 680 651.
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി,
പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ കാര്യാലയം,
ഗവ.സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി,
പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ കാര്യാലയം,
ഗവ.സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.12.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.02.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022, ഓഡിയോ ഹീയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ബി.സതീഷ്, 09.02.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 10.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.337(7)/15/SIC ആയി ഫയലിൽ സ്വീക രിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

എ) തൃശ്ശൂർ മുല്ലക്കര സെന്റർ മുളയം റോഡ് സബ്‌വെ ജനകീയ സമിതിയുടെ നിവേദനം ഒല്ലൂർ എം.എൽ.എ. ശ്രീ.എം.പി.വിൻസെന്റ് മുഖാന്തിരം 3632/VIP/CM/2012/dt 29.3.2012 നമ്പർ പ്രകാരം മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിക്ക് നൽകിയിരുന്നുവെന്നും ബഹു.പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ ഉത്തരവ് അനുസരിച്ച് 500/OM/2012/M(W) നമ്പർ പ്രകാരം ജനങ്ങളുടെ ജീവനെയും ജീവിതത്തെയും ബാധിക്കുന്ന വിഷയത്തിൽ ബഹു.പൊതുമരാമത്ത് വകുപ്പുമന്ത്രി ജനങ്ങളുടെ ആവശ്യ പ്രകാരം അടിപ്പാത നിർമ്മിക്കുന്നതിനായി ഉത്തരവ് ഇറക്കിയിട്ടുണ്ടെങ്കിൽ രേഖയുടെ പകർപ്പ്, വിശദവിവരം എന്നിവ നൽകണമെന്നും

ബി) ജനങ്ങളുടെ ടി ആവശ്യം നിരസിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം നൽകണമെന്നും

സി) കൈയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത വിവരം രേഖപ്പെടുത്തി നൽകണമെന്നും

ഡി) ദേശീയപാത ചീഫ് എഞ്ചിനീയറുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടുകളുടെ പകർപ്പ് നൽകണമെന്നുമാണ്.

ആയതിന് 15.07.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.12.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീലിൽ പറഞ്ഞിരിക്കുന്ന ഐറ്റം **A,B** എന്നിവയിൽ എന്തെങ്കിലും വിവരങ്ങൾ **(Information in material form)** നൽകാൻ കഴിയുമോ എന്ന കാര്യം വിശദമായി പരിശോധിച്ചതിൽ ടിയാന്റെ 08.07.2014ലെ അപേക്ഷയിൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ എസ്.പി.ഐ.ഒ. ലഭ്യമാക്കിയിട്ടുണ്ടെന്നും വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ.യുടെ പക്കലുള്ള വിവരങ്ങൾ **(available information)** മാത്രമേ ഹർജിക്കാരന് നൽകാൻ കഴിയുകയുള്ളുവെന്നും മറ്റു എസ്.പി.ഐ.ഒ. മാരുടെ പക്കൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ലെന്നുമാണ്. ആയതിനാലാണ് അപേക്ഷയുടെ പകർപ്പ് മറ്റ് എസ്.പി.ഐ.ഒ.മാർക്ക് അയച്ചു കൊടുത്തതും അവർ അവരുടെ പക്കൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ ടിയാന് ലഭ്യമാക്കിയതും മറ്റു ഓഫീസുകളിലെ എസ്.പി.ഐ.ഒ.മാർ നൽകിയ വിവരങ്ങളിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതാത് ഓഫീസുകളിലെ അപ്പീൽ അധികാരികൾക്ക് അപ്പീൽ നൽകാവുന്നതാണെന്നും ചോദ്യാവലികൾക്ക് മറുപടി നൽകുന്നതിനും വിശദീകരണങ്ങൾ ലഭ്യമാക്കുന്നതിനും അനുമാനങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ വിവരങ്ങൾ നൽകുന്നതിനും വിവരാവകാശ നിയമത്തിൽ വ്യവസ്ഥയില്ലെന്നുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷ നിയമത്തിന്റെ ലക്ഷ്യവും അന്തസ്സും പാലിക്കാതെ നിരസിക്കുകയാണ് ചെയ്തതെന്നും പൊതുജനത്തിന്റെ ജീവനെയും സ്വത്തിനെയും ബാധിക്കുന്ന വിഷയമാണെന്നുമാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. 31.12.2021ൽ പൊതുമരാമത്ത് വകുപ്പ് ദേശീയ പാത (ബി) കൊടുങ്ങല്ലൂർ ഓഫീസിലെ

എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി കാര്യാലയത്തിൽ 08.07.2014ന് സമർപ്പിച്ച അപേക്ഷയിൽ മുല്ലക്കര സെന്റർ മുളയം റോഡ് അടിപ്പാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായിരുന്നുവെന്നും എന്നാൽ ടി സ്ഥലം ഈ കാര്യാലയത്തിന്റെ അധികാര പരിധിയിൽപ്പെടുന്നില്ലായെന്നതിനാൽ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ടിയാന്റെ അപേക്ഷ പ്രൊജക്ട് ഡയറക്ടർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പാലക്കാടിന്റെ കാര്യാലയത്തിലേക്ക് അയച്ചുകൊടുക്കുകയും 23.08.2014ലെ കത്തു പ്രകാരം ഹർജിക്കാരന് മറുപടി നൽകുകയും ചെയ്തിരുന്നുവെന്നുമാണ്. മൊഴിയും അനുബന്ധ രേഖകളും മേൽപ്പടി റിപ്പോർട്ടും പരിശോധിച്ചതിൽ, 31.12.2021ലെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 2022 ജനുവരി 12–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM